പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2378 18.02.2016 - ൽ മറുപടിയ്ക്ക്

## '108' ആംബുലൻസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ. :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. ബി.ഡി . ദേവസ്സി :<br>ശ്രീ. എം. ചന്ദ്രൻ : | **ശ്രീ. വി. എസ് . ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) '108' ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തണമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ;<br><br>(ബി)ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഉണ്ടായിരുന്ന പ്രസ്തുത സംവിധാനത്തെ നിലവിലെ സ്ഥിതിയുമായി താരതമ്യം ചെയ്ത് വിശദമാക്കുമോ;<br><br>(സി) 2012-13 ബജറ്റിൽ പ്രസ്തുത ആവശ്യത്തിനായി 40 കോടി രൂപ വകയിരുത്തിയിട്ടും പ്രസ്തുത സംവിധാനത്തെ ശരിയായ രീതിയിൽ പരിപാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നറിയിക്കുമോ ? | (എ),(ബി) & (സി)<br>ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 25 ആംബുലൻസുകളുമായി പ്രസ്തുത സംവിധാനം സേവനം നൽകിയിരുന്നത്. 21.04.2012 ൽ 18 ആംബുലൻസുകളുമായി പ്രസ്തുത സേവനം ആലപ്പുഴ ജില്ലയിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി.<br><br>2012-13 ബഡ്ജറ്റിൽ '108' ആംബുലൻസ് സംവിധാനം കേരളത്തിലാകെ വ്യാപിപ്പിക്കുവാനായി 40 കോടി രൂപ വകയിരുത്തിയിരുന്നു. അതിൻപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും ടി സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ